ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 1985-86-ൽ ഏകദേശം 22,75,000 രൂപാ ചെലവായിട്ടുണ്ട്. അട്ടപ്പാടി പ്രദേശത്തെ കണക്കുകൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

(ബി) 1985-86-ൽ അട്ടപ്പാടിയിൽ ഉദ്ദേശം 16 ലക്ഷം തൈകൾ വിതരണം ചെയ്യുകയും സർക്കാർ വക ഭൂമിയിൽ 96,000 വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. മുൻ കാലങ്ങളിൽ നട്ടിട്ടുള്ള തൈകൾ ഉൾപ്പെടെയുള്ള പൂർണ്ണമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ്

56 [64] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ് സ്ഥാപിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

ക്രെഡിറ്റ് സഹകരണ സംഘങ്ങൾ

57 [65] ശ്രീ. തച്ചടി പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മൊത്തമുള്ള ക്രെഡിറ്റ് സഹകരണ സംഘങ്ങൾ എത്ര ;

(ബി) പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികളെത്ര ;

(സി) പ്രൈമറി ലാൻറ് ഡവലപ്പ്മെൻറ് ബാങ്കുകളെത്ര ;

(ഡി) പ്രൈമറി അർബൻ ബാങ്കുകളെത്ര ?

ഉത്തരം

(എ) 2926.

(ബി) 1570.

(സി) 37.

(ഡി) 71.

പടിഞ്ഞാറെ ചാലക്കുടിയിലുള്ള ആർ. 262-ാം നമ്പർ സർവ്വീസ് സഹകരണ സംഘം

58 [66] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പടിഞ്ഞാറെ ചാലക്കുടിയിലുള്ള ആർ. 262-ാം നമ്പർ സർവ്വീസ് സഹകരണ സംഘത്തിൽ വലിയ അഴിമതി നടന്നതായി ഡിപ്പാർട്ടുമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്നാണ് ശ്രദ്ധയിൽപ്പെട്ടത് എന്നു വ്യക്തമാക്കുമോ ;

(സി) ഇതിനെപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(ഡി) ഈ സംഘത്തിന്റെ ഭരണസമിതിയെ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഭരണസമിതി അംഗങ്ങൾ ആക്ഷേപം ഡിപ്പാർട്ടുമെന്റിലേക്ക് നൽകിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അത് എന്നാണ് നൽകിയത് എന്നു വ്യക്തമാക്കുമോ ;

(ജി) ആരൊക്കെയാണ് ആക്ഷേപം ഉന്നയിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 19-12-1985-ൽ.

(സി) ഉണ്ട്. സഹകരണ നിയമം 65-ാം വകുപ്പുപ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

(ഡി) സഹകരണ നിയമം 65-ാം വകുപ്പുപ്രകാരമുള്ള അന്വേഷണറിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ അക്കാര്യം പരിഗണനയ്ക്കു വരികയുള്ളു.

(ഇ) ഉണ്ട്.

(എഫ്) 26-10-1985-ൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർക്കു ലഭിച്ചു.

(ജി) ഭരണസമിതി അംഗമായ ശ്രീ. കെ. സി. പോൾ ആണ് ആക്ഷേപം ഉന്നയിച്ചിട്ടുള്ളത്.

1986-ലെ സർക്കാർ ഡയറി

59 [67] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) 1986 വർഷത്തിൽ സർക്കാർ വക എത്ര ഡയറി അച്ചടിച്ചു ;

(ബി) അതിന് ആകെ എന്തു ചെലവായി ;

(സി) ഈ ഡയറി എന്തു വില നിശ്ചയിച്ചാണ് വിറ്റത് ; ഈ ഇനത്തിൽ എത്ര സംഖ്യ കിട്ടി ;

(ഡി) ഓരോ മന്ത്രിയുടേയും ആഫീസുകളിലേക്ക് എത്ര ഡയറികൾ വീതം വിതരണം ചെയ്തിട്ടുണ്ട് ;

(ഇ) വരുംവർഷം ഡയറി അടിക്കുന്നതിൽ ചെലവു കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 30,000 എണ്ണം.

(ബി) 5,00,000 രൂപ.

(സി) ഒരു ഡയറിക്ക് 25 രൂപ (നികുതി പ്രത്യേകം) വിൽപ്പന. ഇനത്തിൽ നികുതി കൂടാതെ 79,250 രൂപ കിട്ടിയിട്ടുണ്ട്.

(ഡി) 300 എണ്ണം വീതം.

LIBRARY ARCHIVES Kerala Legislative Assembly